കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:- dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി.10/286/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
e-mail:dopkd.ksad@kerala.gov.in
ഫോൺ- 0491-2520145

തീയതി-26/03/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും, ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം

21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി10-286/2019 തീയതി- 26/03/2019

## പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 25.07.2017 മുതൽ 15.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2019 മുതൽ 25.01.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. പ്രേമാനന്ദ്.എസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2 | ശ്രീ. ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി. സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീ. കന്തസ്വാമി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|
| ശ്രീ. ഡി.റെജിമോൻ | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | |
| ശ്രീ. എ.മുരളീധരൻ | 01.04.2017 മുതൽ 31.03.2018 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ. വിനോദ്.ഇ.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഷാന്റോ.സി.വി | 01-04-2017 മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ദീപക്.ഇ.കെ (1) | 01-04-2017 മുതൽ 31-03-2018 വരെ |
| | ശ്രീമതി. ബുഷറ.എ (2) | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. സുധ.എൻ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. റെമിൻ ആൽഫ്രഡ് | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ഷാർലെറ്റ് വിൻസെന്റ് | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.ജി. ലത | 01-04-2017 മുതൽ 04-06-2017 വരെ & 28-07-2017 മുതൽ 04-10-2017 വരെ |
| | ഡോ. ദിവ്യ റാണി തോമസ് | 05-06-2017 മുതൽ 27-07-2017 വരെ |
| | ഡോ. ടെസി കെ കുരുവിള | 05-10-2017 മുതൽ 22-11-2017 വരെ |
| | ഡോ. സുകുമാരൻ.വി.എം | 23-11-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഉണ്ണിരാജൻ | 01-04-2017 മുതൽ 20-10-2017 വരെ |

| | | |
|---|---|---|
| | ശ്രീ. സന്തോഷ്.കെ പണിക്കർ | 21-10-2017 മുതൽ 28-11-2017 വരെ |
| | ശ്രീമതി. മഞ്ജുഷ.ആർ.എസ് | 29-10-2017 മുതൽ 31-03-2018 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സാധിക.കെ | 01-04-2017 മുതൽ 30-04-2017 വരെ |
| | ശ്രീമതി. പ്രമീള.എ | 01-05-2017 മുതൽ 07-09-2017 വരെ |
| | ശ്രീമതി. കെ.ചെല്ല | 08-09-2017 മുതൽ 31-03-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മീന റസ്സൽ | 01-04-2017 മുതൽ 04-02-2018 വരെ |
| | ശ്രീമതി. ഗ്രെയ്സ് എ തച്ചിൽ | 05-02-2018 മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം.1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |

| | | |
|---|---|---|
| ഭാഗം 2 | | |
| 1 | 2-1 | ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല |
| 2 | 2-2 | വസ്തുനികുതി നിർണ്ണയത്തിൽ കണ്ടെത്തിയ അപാകതകൾ |
| 3 | 2-3 | ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ |
| 4 | 2-4 | വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ |
| 5 | 2-5 | മൊബൈൽ ടവറുകളുടെ കുടിശ്ശിക ഈടാക്കേണ്ടതാണ് |
| 6 | 2-6 | ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ |
| 7 | 2-7 | ഭവന നിധി രൂപീകരിച്ചിട്ടില്ല |
| 8 | 2-8 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല |
| ഭാഗം 3 | | |
| 1 | 3-1 | പൊതു കുടിവെള്ള ടാപ്പുകൾ സംയുക്ത പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ് |
| 2 | 3-2 | കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 3 | 3-3 | കൊളയക്കാട് ഗ്യാസ് ക്രിമറ്റോറിയം- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല |
| 4 | 3-4 | പാലിന് സബ്സിഡി - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി |
| 5 | 3-5 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ വിവരങ്ങൾ: |
| 6 | 3-6 | കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി കെട്ടിടം ഉപയോഗപ്പെടുത്തണം |
| 7 | 3-7 | കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം: |
| 8 | 3-8 | സേവനമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം |
| 9 | 3-9 | സാനിറ്ററി നാപ്കിൻ-വെൻഡിംഗ് മെഷീൻ വാങ്ങുന്നതിനായി കൈമാറിയ തുക മറ്റൊരു |

| | | |
|---|---|---|
| | | പ്രോജക്ടിനായി ഉപയോഗിച്ച |
| 10 | 3-10 | പദ്ധതി നടപ്പിലാക്കിയിട്ടില്ല |
| 11 | 3-11 | ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയുടെ പ്രവർത്തനം അവലോകനം |
| ഭാഗം 4 | | |
| 1 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 2 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 5 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 6 | 4-6 | ഓഡിറ്റ് റിക്കവറി |
| 7 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 8 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 9 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25.03.2017തീയതിയിലെ നം.1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 19.03.2018 തീയതിയിലെ നം.11 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 29-05-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 02-07-2018 മുതൽ 04-07-2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(5)/2018 തിയതി:29-8-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20353528 |
| വരവ് | 67278931 |
| ആകെ | 87632459 |
| ചെലവ് | 81643643 |
| നീക്കിയിരിപ്പ് | 5988816 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 14783000 | 14783000 | 13994833 | 788167 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 8169008 | 8169008 | 7653590 | 515418 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 5998 | 5998 | 5998 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 9385000 | 9385000 | 9354905 | 30095 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3241000 | 3241000 | 3040275 | 200725 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 6942661 | 6942661 | 6941272 | 1389 |
| കെ.എൽ.എസ്.ജി.ഡി.പി | | 0 | 539690 | 539690 | 530787 | 8903 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി. | തൊഴിലാളി | 0 | 13093382 | 13093382 | 13093382 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എൻ.ആർ. ഇ.ജി.എസ് | കളുടെ കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 990 | 1011002 | 1011992 | 1011031 | 961 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി | 726280 | 34325 | 760605 | 50822 | 709783 |
| | ഐ.സി.ഡി.എസ് | 1119601 | 902135 | 2021736 | 993166 | 1028570 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | കേരളോൽസവം | 0 | 15000 | 15000 | 15000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3373259 | 3373259 | 3344525 | 28734 |
| | ജില്ലാ പഞ്ചായത്ത് | 0 | 770000 | 770000 | 770000 | 0 |
| ബി ഫണ്ട് | | 0 | 1813610 | 1813610 | 1813610 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2817769 | 12034021 | 14851790 | 11566419 | 3285371 |
| | ട്രഷറി അക്കൗണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 15648400 | 9133357 | 24781757 | 23813613 | 968144 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | | |
| 152 | 65975492 | 124 | 49032611 | 1(139/18) | 28 | 81 |

ഉപേക്ഷിച്ച പദ്ധതികളുടെ വിവരം:

| ക്ര. നം. | പ്രൊജക്ട് നമ്പരും പേരും | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 45/18: PHC മരുന്ന് സംഭരണശാലയിലേക്ക് A/C, ഫ്രിഡ്ജ്, സ്റ്റെബിലൈസർ വാങ്ങൽ | 97,500 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 2 | 96/18: ഊർജ്ജിത സാക്ഷരതാ യജ്ഞം | 100,000 | ഹെഡ്മാസ്റ്റർ |
| 3 | 113/218: വനിതകൾക്ക് വീടിന് സ്ഥലം വാങ്ങൽ | 1,300,000 | വി.ഇ.ഒ |
| 4 | 114/18: പട്ടികജാതി വനിതകൾക്ക് വീടിന് സ്ഥലം വാങ്ങൽ | 1,800,000 | വി.ഇ.ഒ |
| 5 | 129/18: പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്ക് | 21,672 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | 140/18(SO): പട്ടികജാതി പെൺകുട്ടികൾക്ക് | 700,000 | അസിസ്റ്റന്റ് സെക്രട്ടറി |
| 7 | 144/18: മാലിന്യ സംസ്കരണത്തിനായി വയബിലിറ്റ് ഗ്യാപ് ഫണ്ട് | 150,000 | സെക്രട്ടറി |
| 8 | 171/18: പഞ്ചായത്ത് ഓഫീസിലേക്ക് കളർ പ്രിന്റർ വാങ്ങൽ | 10,000 | സെക്രട്ടറി |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 990 | 1011002 | 1011992 | 1011031 | 961 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13093382 | 13093382 | 13093382 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66720 | 137 |
| കർഷകതൊഴിലാളി പെൻഷൻ | 101110100 | 804 |
| വിധവാപെൻഷൻ | 12784500 | 1115 |
| വാർദ്ധക്യകാലപെൻഷൻ | 21039100 | 1803 |
| വികലാംഗപെൻഷൻ | 2775100 | 242 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 393000 | 49 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2019 ഉച്ചയ്ക്ക് ശേഷം 2.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2664രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റവേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്. ഇതിനായി സോഫ്റ്റ്‌വേർ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. തീപ്പിടുത്തത്തിൽ നിന്നുമുള്ള സംരക്ഷണത്തിനായി ഒരു ഫയർ എക്സ്റ്റിങ്ഗ്വിഷർ സ്ഥാപിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട് തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാനുവലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ സംബന്ധിച്ച് ഭാഗം 2ൽ പരാമർശിച്ചിട്ടുണ്ട്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. കാമ്പ് കലക്ഷനും ഫീൽഡ് കളക്ഷനും നടത്തി % നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റൽ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

Software 100% successful എന്ന് പറയാനാവില്ല. Bill Registerന് സമാനമായ ഒരു സംവിധാനം Softwareൽ ഇല്ലാത്തതിനാൽ manual രജിസ്റ്റർ സൂക്ഷിക്കേണ്ടി വരുന്നു. ഓരോ Expenditureനും Manual Workഉം പരിശോധനയും വേണ്ടി വരുന്നു. ചെലവു തുക കണക്കിൽ രേഖപ്പെടുത്തുന്നതിന് മാത്രമാണ് സാംഖ്യയിൽ Provision ഉള്ളത്. Fully Computerisaitionന്റെ പ്രയോജനം ലഭിക്കുന്നില്ല. സഞ്ചയ Property Taxലെ രേഖകൾ തയ്യാറാക്കുന്നത് എളുപ്പമാക്കിയിട്ടുണ്ട്. മറ്റ് വരവിനങ്ങളും കൂടി സാംഖ്യയുമായി ബന്ധിപ്പിക്കണം. സങ്കേതം Softwareൽ Licenced Building Supervisorsന്റെ സഹായത്തോടെ മാത്രമേ പെർമിറ്റ്

നേടാനാവുകയുള്ളൂ.

വിവിധ അപേക്ഷകൾ സമർപ്പിച്ചശേഷം പൊതുജനങ്ങൾക്ക് Online ആയി സർട്ടിഫിക്കറ്റുകൾ Print എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പ്രയോജനകരമാണ്.Property taxന് വേണ്ടി തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ് വേർ കുറ്റമറ്റതാക്കേണ്ടതുണ്ട്. Financial Transactions സാംഖ്യയുമായി ബന്ധിപ്പിച്ച് Online Transaction ബാധകമാക്കണം. പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് മാത്രമാണ് Software ഉള്ളത്. ഗ്രാമ സഭ, വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കുമാറേണ്ടതുണ്ട്. ഓരോ Expenditureനും Manual Workും പരിശോധനയും വേണ്ടി വരുന്നു. Payment അടിക്കുക (കണക്കിൽ രേഖപ്പെടുത്തുന്നതിന് മാത്രമാണ് സാംഖ്യയിൽ Provision ഉള്ളത്. Fully Computerisaitionന്റെ പ്രയോജനം ലഭിക്കുന്നില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമമാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി ഉപയോഗപ്പെടുത്തി ഗ്രാമത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണ സമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | വകയിരുത്തിയത് | ചെലവ് | ശതമാനം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 15713643 | 13994833 | 89% |
| പ്ലാൻ (എസ്.സി.പി) | 9824000 | 7653590 | 78% |
| പ്ലാൻ (ടി.എസ്.പി) | 6000 | 5998 | 99.97% |
| ധനകാര്യ കമ്മീഷൻ അവർഡ് | 11248304 | 6941272 | 62% |
| ലോക ബാങ്ക് ധനസഹായം | 539690 | 530787 | 98.35% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 12278177 | 9354905 | 76.2% |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 3298522 | 3040275 | 92.2% |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2018 | 11/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2008 മുതൽ 27.06.2008 വരെ | 1997-98 മുതൽ 2007-08 വരെ | 04.08.2008 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഒന്നുമില്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, നികുതികൾ, ബജറ്റ്, പൊതുഭരണം, നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. കേരളപഞ്ചായത്ത് രാജ് നിയമം 162 എ (1) ാം വകുപ്പ് പ്രകാരം ബജറ്റ് രൂപീകരണം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ പെടുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, ഓരോ ഗ്രാമപഞ്ചായത്തും മാർച്ച് മാസം 31 ാം തിയതിക്ക് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വലിന്റെ 2.2,2.3,2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം ഖണ്ഡിക 2.5 ലും നിർദ്ദേശിച്ചിട്ടുണ്ട്.

2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി കൈമാറിയതായൊ, ആയത് ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് സെക്രട്ടറി ഘടകസ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വ ത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം

2.നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം.

3.ഘടകസ്ഥാപനമേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കണം.

4.ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ പറഞ്ഞിരിക്കുന്ന

ഫോർമാററിൽ സമർപ്പിക്കണം

5.സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറണം

6.സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറണം

7.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പദ്ധതിയേതരനിർദ്ദേശങ്ങൾ തയ്യാറാക്കണം

ഗ്രാമസഭയിൽ നിന്നുള്ള നിന്നുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് കരട് വികസന രേഖ തയ്യാറാക്കി ഇത് ഭരണസമിതി മുമ്പാകെ സമർപ്പിക്കേണ്ടതും, ആയത് വികസന സെമിനാറിൽ ചർച്ച ചെയ്യേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് മാർച്ച് 1 ന് മുമ്പ് രൂപീകരിക്കണം. മാർച്ച് 7 ന് മുമ്പ് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഭരണസമിതിയുടെ പ്രത്യേകയോഗം വിളിക്കുകയും മാർച്ച് 31 ന് മുമ്പ് ബജറ്റ് അംഗീകരിക്കുകയും വേണം.എന്നാൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല എന്ന് കാണുന്നു.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യുടെ മിനിറ്റ്സ് പരിശോധിച്ചപ്പോൾ 20.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് പാസാക്കി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ഭരണസമിതിയുടെ 25.3.2017 ലെ 1 ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതായോ,സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതായോ നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തതായി കാണുന്നില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കേണ്ടത്. വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

എൻക്വയറി നം. (24/24.01.2019) മുഖേന മേൽകാര്യങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 2-2 വസ്തുനികുതി നിർണ്ണയത്തിൽ കണ്ടെത്തിയ അപാകതകൾ

1.കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6) വിവിധ കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു. പഞ്ചായത്ത് പ്രദേശത്ത്

പ്രവർത്തിക്കുന്ന വിവിധ വാണിജ്യ/ വ്യവസായ സ്ഥാപന കെട്ടിടങ്ങളെ നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് അവയുടെ ഉപയോഗക്രമം തെറ്റായിട്ടാണ്. പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 6 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും, വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിലുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയും ഇതര വ്യവസായങ്ങൾക്ക് 50 രൂപയുമാണ് കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായതായി പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന്റെ വിവരം | | യഥാർത്ഥത്തിൽ രേഖപ്പെടുത്തേണ്ട തരം/ നികുതി നിരക്ക് (ച.മീ) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ട വസ്തു നികുതി | കുറവായി നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|---|---|---|
| | | | കെട്ടിടത്തിന്റെ തരം/ നികുതി നിരക്ക് (ച.മീ) | വിസ്തീർണ്ണം (ച.മീ) | | | | |
| 1 | 8/312 | മോട്ടോർ ബൈക്ക് stock, sale. | ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടം / 40 രൂപ | 192.7 ച.മീ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വിസ്തീർണ്ണത്തിന് മുകളിലുള്ളവ/ 60 രൂപ | 8094 | 12140 | 4046 |
| 2 | 16/10 | Manufacturing stock, sale of food products. | വ്യവസായ ആവശ്യത്തിനുള്ള സ്റ്റോറേജ് ഷെഡ് / 10 രൂപ | 236 ച.മീ | ഇതര വ്യവസായ ആവശ്യം/ 50 രൂപ | 1735 | 8673 | 6938 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 16/22.01.2019 ന് *മറുപടിയായി മേൽ കെട്ടിടങ്ങളുടെ തരം മാറ്റി നികുതി കണക്കാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന്* മറുപടി നൽകിയിട്ടുണ്ട്.

<u>2.വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങളെ കൈത്തറി ഷെഡ് എന്ന ഗണത്തിൽ പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു.</u>

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6) പ രിശോധിച്ചതിൽ

താഴെ പറയുന്ന കെട്ടിടങ്ങളെ വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിനു പകരം കൈത്തറി ഷെഡ് ഗണത്തിൽ പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു.

| ക്രമ നം. | പേര്. | വിസ്തീർണ്ണം | കെട്ടിട നമ്പർ | യഥാർഥ ഉപയോഗം | ഉൾപ്പെടുത്തി യിരിക്കുന്ന ഗണം |
|---|---|---|---|---|---|
| 1. | മുഹമ്മദ് ബഷീർ | 32 | 3/343 | സിമന്റ് ഹോളോ ബ്രിക്സ് നിർമാണം | കൈത്തറി ഷെഡ് |
| 2. | ഗംഗാധരൻ | 329.85 | 4/528 | സിമന്റ് ഹോളോ ബ്രിക്സ് നിർമാണം | കൈത്തറി ഷെഡ് |
| 3 | അബ്ദുൾ ജബാർ | 46 | 11/235 | പ്ളാസ്റ്റിക് കുപ്പികൾ നിർമാണം | കൈത്തറി ഷെഡ് |
| 4 | മറിയാമ്മ മാത്യു. | 104 | 14/543 | സിമന്റ് ഹോളോ ബ്രിക്സ് നിർമാണം | കൈത്തറി ഷെഡ് |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 17/22.01.2019 ന് മറുപടിയായി മേൽ കെട്ടിടങ്ങളെ വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തിനികുതി നിർണ്ണയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 2-3 ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ പെർമിറ്റിൻമേലുള്ള തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ പെർമിറ്റ് പുതുക്കിയിട്ടുണ്ടോ എന്നും പഞ്ചായത്തിന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. നിലവിലുള്ള കെട്ടിടങ്ങൾക്ക് അനുവദിച്ച പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും അതനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്നുമുള്ള നിരീക്ഷണങ്ങൾ നടത്തുന്നതിന് കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ ഉപയോഗപ്പെടാതെ വരുന്നു. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാൻ

സാധിക്കാതെ വരുന്നു.

2. കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്ക്കരണ രജിസ്റ്റർ നിശ്ചിത ഫോർമാറ്റ് പ്രകാരംസൂക്ഷിക്കുന്നില്ല.

ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 137(3) പ്രകാരം നിശ്ചിത മാതൃകയിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽഅനുബന്ധം-J ഫോറത്തിൽ രേഖപ്പെടുത്തേണ്ടതും ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അനുബന്ധം I-ലേത് പോലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. എന്നാൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ നിശ്ചിത ഫോർമാറ്റ് പ്രകാരമുള്ള രജിസ്റ്ററിൽ അല്ല ചേർത്ത് സൂക്ഷിക്കുന്നത്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/22.01.2019) മറുപടിയായി കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സൂക്ഷിക്കാമെന്നും ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ചട്ടപ്രകാരമുള്ള ഫോർമാറ്റിൽ സൂക്ഷിക്കുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്.

3.പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു.

കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 11 (3) ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ തറ വിസ്തീർണ്ണം ( Floor Area) അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്. എന്നാൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ എല്ലാ അപേക്ഷകളിലും പെർമിറ്റ് ഫീസ് നിർണ്ണയിച്ചിരിക്കുന്നത് പ്ലിന്ത് ഏരിയ (Plinth Area)അടിസ്ഥാനമാക്കിയാണ്. കെട്ടിടനിർമ്മാണ ചട്ടത്തിൽ നിർവചിച്ചിട്ടുള്ള പ്രകാരമല്ല പെർമിറ്റ് ഫീസ് കണക്കാക്കിയിരിക്കുന്നത്. കെട്ടിടങ്ങളുടെ പ്ലാൻ പരിശോധിച്ചതിൽ പ്ലിന്ത് ഏരിയ, കാർപ്പെറ്റ് ഏരിയ എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സങ്കേതം സോഫ്റ്റ്‌വെയറിൽ പെർമിറ്റ് ഫീ ഡിമാന്റ് ജനറേറ്റ് ചെയ്യപ്പെടുന്നത് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ്. സാങ്കേതിക പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011 പ്രകാരം പെർമിറ്റ് അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്ലാനുകളിൽ എല്ലാ അളവുകളും ഉൾപ്പെടുന്നുണ്ട് എന്ന് എഞ്ചിനിയറിംഗ് സെക്ഷൻ ഉറപ്പാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (18/22.01.2019) മറുപടിയായി പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ തറ വിസ്തീർണ്ണത്തിന്റ അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 2-4 വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

വാടക ബൈലോ തയ്യാറാക്കിയിട്ടില്ല.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റ ആസ്തിയിൽപെട്ട 10 മുറികൾ വാടകക്ക് കൊടുക്കുന്നതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം ആയതിന് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം

ലഭ്യമാക്കിയതായി കാണുന്നില്ല. ചട്ടം 3 (6)പ്രകാരം സർക്കാരിന്റെയോ,സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം കിട്ടുന്നതുവരെ ബൈലോയ്ക്കോ അല്ലെങ്കിൽ ബൈലോയുടെ റദ്ദാക്കലിനോ യാതൊരു പ്രാബല്യവും ഉണ്ടായിരിക്കുന്നതല്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (08/19.01.2019) മറുപടിയായി ബൈലോതയ്യാറാക്കിയിട്ടില്ല എന്നും ബൈലോതയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ബൈലോതയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ കുടിശ്ശിക ഈടാക്കേണ്ടതാണ്

1. കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് പരിധിയിൽ 15മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി കാണുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തുനികുതി ഇനത്തിൽ 2017-18 രണ്ടാം അർദ്ധവർഷം വരെ ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരങ്ങളും വിശദാംശങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ ഉടമ | ഡോർ നമ്പർ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | നിർണ്ണയിച്ച വസ്തു നികുതി | ആകെ കുടിശ്ശിക | വസ്തു നികുതി കുടിശ്ശിക ഏതു വർഷം മുതൽ |
|---|---|---|---|---|---|---|
| 1 | M. Chandran | 5/93 | 2011-12 | 8505 | 42935 | 2011-12 |
| 2 | B.S.N.L.Tower | 9/598 | 2013-14 | 5250 | 31500 | 2013-14 |
| 3 | Chennai Network Infrastructure ltd | 12/634 | 2011-12 | 7350 | 1808 | 2017-18 |
| 4 | B.S.N.L Tower | 13/475 | 2013-14 | 5250 | 31500 | 2013-14 |
| 5 | B.S.N.L towers | 16/439 | 2013-14 | 4620 | 27720 | 2013-14 |

Total : 135463

മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ ഓഡിറ്റ് വർഷത്തെ കുടിശ്ശികയായ 135463/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി (നം.7/19.01.2019)

2.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ

സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കേണ്ടതുമാണ്.

## 2-6 ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പൗൾട്രിഫാം പ്രവർത്തിക്കുന്നു.

2012 ലെ കേരളപഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകാൻ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ, ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഫോറം 1 പ്രകാരം അപേക്ഷിക്കേണ്ടതും, ചട്ടം 7 പ്രകാരം ഫോറം 1 പ്രകാരമുള്ള ക്രമീകരണങ്ങൾ നടത്തിയശേഷം ഫോറം 2 ൽ ലൈസൻസിനായി അപേക്ഷിക്കേണ്ടതും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇപ്രകാരമുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ വിശദമായ അന്വേഷണം നടത്തിയശേഷം ഫോറം 3 ൽ ലൈസൻസ് അനുവദിക്കേണ്ടതും, ഇപ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാകുന്നു. ചട്ടം 8 പ്രകാരം ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന സമയത്ത് ഒരു ലൈവ്സ്റ്റോക്ക് ഫാം സ്വന്തമായി വച്ചുപോരുകയോ നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളും, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറുമാസത്തിനുള്ളിൽ ഈ ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായി ഒരു ലൈസൻസ് നേടേണ്ടതും അപ്രകാരം ലൈസൻസ് നേടിയിട്ടില്ലാത്ത പക്ഷം, പ്രസ്തുത കാലപരിധിക്കുശേഷം അപ്രകാരമുള്ള ഫാം നടത്തിക്കൊണ്ടു പോകുവാൻ പാടില്ലാത്തതുമാണ്.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ3 പൗൾട്രിഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. അവ

1. ചൈതന്യ പൗൾട്രി ഫാം

2. കൈരളി പൗൾട്രി ഫാം

3. അതുല്യ പൗൾട്രി ഫാം

എന്നാൽ ഇവ ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്തതായോ ഇത് രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഓഡിറ്റ് എൻക്വയറി (05/19.01.2019)

2. ഡി & ഒ ലൈസൻസില്ലാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയർപ്രകാരം കണ്ണമ്പർ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള വാണിജ്യസ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപയോഗം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെയുള്ള ഹോട്ടൽ, റസ്റ്റോറൻറ് മുതലായവ | 749 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റസ്റ്റോറൻറ് മുതലായവ | 35 |
| 3 | 200 ന് മുകളിൽ ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാൾ | 11 |
| 4 | ഓഫീസ് (വ്യവസായ ശാലകളുടെ ഉൾപ്പെടെ) | 45 |
| 5 | ഇതര വ്യവസായം | 29 |
| 6 | കൈത്തറി, ഷെഡ്, കയർ പിരിഷെഡ് | 142 |
| 7 | അസംബ്ലി കെട്ടിടങ്ങൾ, ആഡിറ്റോറിയം, കല്യാണമണ്ഡപം | 10 |
| 8 | ബങ്കുകൾ, പട്ടികടകൾ, ഫ്യൂവൽ സ്റ്റേഷൻ മുതലായവ | 17 |
| | Total | 1038 |

ഗ്രാമപഞ്ചായത്തിന്റെ അധീന പ്രദേശത്ത് സെക്രട്ടറിയുടെ അനുമതിയില്ലാതെ യാതൊരു വാണിജ്യസ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 268 എണ്ണം മാത്രമാണ്.ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ കണക്കുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.ഓഡിറ്റ് എൻക്വയറി(06/19.01.2019)

<u>3.ഡി അന്റ് ഓ ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ഫീസ്ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ.</u>

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്.ഓഡിറ്റ് എൻക്വയറി(06/19.01.2019)

പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

4.റേഷൻകടകൾ ഡി & ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എന്നാൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. ഓഡിറ്റ് എൻക്വയറി(09/19.01.2019)

# 2-7 ഭവന നിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി) യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ,കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ മേൽ നിർദേശപ്രകാരമുള്ള ഭവനനിധി രൂപീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (03/19.01.2019) മറുപടിയായി ഭവനനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 2-8 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3,4,5,6 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രക്രതി ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണെന്നും , നിധിയുമായി ബന്ധപ്പെട്ട രസീത് ബുക്ക്, ബാങ്ക് പാസ് ബുക്ക്, രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ മേൽ ചട്ടപ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ഇത്

സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (03/19.01.2019) മറുപടിയായി ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ ഗ്രാമ പഞ്ചായത്ത് കമ്മറ്റിക്ക് പരിശോധിക്കാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതു കുടിവെള്ള ടാപ്പുകൾ സംയുക്ത പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 328 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ 143500 രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 17.22 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്നതായിരുന്നു 12-ാം പദ്ധതിയുടെ സമീപനം.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

2. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ

പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.23/24-01-2019) ക്ക് ഗ്രാമ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം ക്രമപ്പെടുത്തി കുടിവെള്ളക്കരം പുതുക്കി നിശ്ചയിക്കുന്നതിന് സംയുക്ത പരിശോധനയ്ക്കായി കേരള വാട്ടർ അതോറിറ്റിക്ക് 27-07-2018 ലെ ഭരണ സമിതി തീരുമാന പ്രകാരം കത്ത് അയച്ചിരുന്നു എന്നും, ഉടൻ സംയുക്ത പരിശോധന പൂർത്തീരിച്ച് വെള്ളക്കരം പുതുക്കി നിശ്ചയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം- 1/18

പ്രോജക്റ്റിന്റെ പേര് - കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി-എസ്.എൽ.ബി.പി

അടങ്കൽ -₹ 600000 (150000-വികസന ഫണ്ട്- ജനറൽ, 150000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 300000-ഗുണഭോക്തൃ വിഹിതം)

ചെലവ് - ₹150000 (7/24-01-2018)

മേൽ പദ്ധതിയുടെ ഭാഗമായി 24 ഗുണഭോക്താക്കൾ 6250 രൂപ വീതം പാലക്കാട് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് (ട്രഷറി അക്കൗണ്ട് നം. 714021400000008) 150000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആകയാൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-3 കൊളയക്കാട് ഗ്യാസ് ക്രിമറ്റോറിയം- പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റിന്റെ പേര്- കൊളയക്കാട് ഗ്യാസ് ക്രിമറ്റോറിയം (ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ)

പ്രോജക്റ്റ് നം.-93/18

അടങ്കൽ- ₹1500000

ചെലവ്- ₹1500000 (20/18.11.2017)

മേൽ പ്രോജക്റ്റ് പ്രകാരം കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തിൽ നാലാം വാർഡിലെ കൊളയക്കാട് എന്ന സ്ഥലത്തെ പൊതുശ്മശാനം വാതകശ്മശാനമാക്കി മാറ്റുന്ന പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് ₹1500000/- വകയിരുത്തുകയും 18-11-2017ന് ജില്ലാ പഞ്ചായത്തിന് (സെക്രട്ടറിയുടെ ജില്ലാ ട്രഷറി അക്കൗണ്ട് നം.799011400002200) തുക കൈമാറുകയും ചെയ്തതാണ്. എന്നാൽ ജില്ലാ പഞ്ചായത്ത് നാളിതുവരെയും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കിയിട്ടില്ല. ആകയാൽ പദ്ധതി പൂർത്തീകരിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും, നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 പാലിന് സബ്സിഡി - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

18.11.2017 ന് ചേർന്ന ഭരണസമിതി യോഗത്തിൽ 848000 രൂപ വകയിരുത്തി അംഗീകരിക്കുകയും ടി തുക ഗ്രാമ പഞ്ചായത്ത് വിഹിതമായി പ്രോജക്റ്റിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 3/18 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | ₹1093000/- (848000/-വികസന ഫണ്ട് (ജനറൽ)) 1750000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 70000/- ജില്ലാ പഞ്ചായത്ത് വിഹിതം | ₹1089636/- {101847/-ബിൽ നം.1/20-03-18, ₹202098/-2/20-03-18, ₹512110/- 3/20-03-18,₹ 28519/- 4/20-03-18<br>70000/- (ചെക്ക് നം. 1580495/19.03.2018), 100000/- (ചെക്ക് നം. 8897441/27.03.2018)} |

നിർവഹണ ഉദ്യോഗസ്ഥ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം 3 രൂപ നിരക്കിൽ 9 (04/2017 മുതൽ 12/2017 വരെ) മാസത്തേക്ക് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ജനുവരി 2018 മുതൽ മാർച്ച് 2018 വരെ പാലളവിന് കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല.

ക്ഷീരസംഘത്തിന്റെ പേര്- 1.കണ്ണമ്പ്ര-പുതുക്കോട് ക്ഷീരവ്യവസായ സഹകരണ സംഘം

2.കല്ലിങ്കൽപ്പാടം ക്ഷീരോല്പാദക സഹകരണ സംഘം

3. ചെമ്മണംകുന്ന് ക്ഷീരോല്പാദക സഹകരണ സംഘം

ഗുണഭോക്താക്കളുടെ എണ്ണം-304

കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കിയില്ല. ആകയാൽ ക്ഷീര കർഷകർക്ക് തുടർന്ന് വരുന്ന വർഷങ്ങളിൽ സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭിക്കത്തക്ക വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ-പൊതുവായ വിവരങ്ങൾ:

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 74 പ്രൊജക്ടുകളിൽ 58എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 23 | 51 | 74 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 22 | 36 | 58 |

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1049349 | 768523 | 73.24% |
| വികസന ഫണ്ട് (എസ്.സി.പി) | 2730250 | 2213373 | 81% |
| ധനകാര്യ കമ്മീഷൻ അവാർഡ് | 7993304 | 4355705 | 54.49% |
| ലോക ബാങ്ക് ധനസഹായം | 309326 | 301587 | 97.5% |
| തനത് ഫണ്ട് | 1285000 | 1168939 | 91% |
| ബ്ലോക്ക് പഞ്ചായത്ത്ഫണ്ട് | 1000000 | 1000000 | 100% |
| മെയ്ന്റനൻസ് ഫണ്ട് (റോഡ്) | 12278177 | 9354905 | 76.19% |
| മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) | 2228522 | 2062167 | 92.54% |
| ആകെ | 28873928 | 21225199 | 73.50% |

അനുവദിച്ച തുകയുടെ 73.50% ചെലവഴിച്ച് ഏറ്റെടുത്ത പ്രവൃത്തികളിൽ 78.38% പൂർത്തീകരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി

പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൻവർഷം പാർട്ട് ബിൽ നൽകിയ രണ്ട് പ്രൊജക്റ്റുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്ത് ഓഫീസ് വിപുലീകരണം- ISO സർട്ടിഫിക്കേഷൻ
2. വാളുവെച്ച പാറ ചെമ്മണാംകുന്ന് RPS റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്, റി ടാറിങ്ങ്

ഈ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക അനുവദിക്കേണ്ടതാണ്.

നാളിതുവരെ ഇ-ടെണ്ടർ ഫോം വില ഇനത്തിൽ വരവു വന്ന തുക(എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമായതുൾപ്പെടെ) അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്നും ഈ തുക ഉടനെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ മാറ്റി നൽകുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.11(1)നുള്ള മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. തുക തനത് ഫണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 <u>കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി കെട്ടിടം ഉപയോഗപ്പെടുത്തണം</u>

ജി.ഒ.(എം.എസ്)നം.72/2017/തസ്വഭവ, തീയതി: 29-03-2017 പ്രകാരം ത്രിതല പഞ്ചായത്തുകൾക്കായി പുറപ്പെടുവിച്ച 2017-18 വർഷത്തെ പദ്ധതി മാർഗ നിർദ്ദേശങ്ങൾ ഖണ്ഡിക 6.6(4) പ്രകാരം "കെട്ടിട നിർമ്മാണ പ്രൊജക്റ്റുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ്ങ് എന്നീ ഘടകങ്ങളെല്ലാം ഉൾപ്പെടുത്തി ഒരു പ്രൊജക്റ്റ് തയ്യാറാക്കണം" എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നിരുന്നാലും കെട്ടിടം ഉപയോഗപ്രദമാക്കും വിധം നിർമ്മാണം പൂർത്തിയാക്കാതെ അവസാന ബിൽ നൽകി പ്രൊജക്റ്റ് അവസാനിപ്പിച്ചതായ മൂന്ന് പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

1. ഫ്രണ്ട് ഓഫീസ് സൗകര്യം, സെക്രട്ടറിയുടെ റൂം, ഫീഡിങ്ങ് റൂം എന്നീ ആവശ്യങ്ങൾക്കായി 149.86 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കാനായി പ്രൊജക്റ്റ് നമ്പർ 130/18:പഞ്ചായത്ത് ഓഫീസ് വിപുലീകരണം - ISO Certification എന്ന പ്രൊജക്റ്റ് 2016-17ൽ ആവിഷ്കരിച്ച് E-Tender നടത്തി 21.01.17ന് കരാർ വെച്ചിരുന്നു. 2016-17ൽ ഈ പദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചിരുന്നില്ല. 2017-18ൽ ധനകാര്യ കമ്മീഷൻ അവാർഡ് തുക ₹.23,21,541/- വകയിരുത്തി സ്പിൽ ഓവർ പ്രൊജക്റ്റായി അംഗീകാരം വാങ്ങുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ 159.4ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു നില കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് പുതുക്കി 205.46ച.മീ (താഴത്തെ നില 77.5ച.മീ,

പോർച്ച് 28.2ച.മീ, ഒന്നാം നില 99.76ച.മീ) സ്ട്രക്ചർ മാത്രം പൂർത്തീകരിച്ച് അവസാന ബിൽ നൽകിയതായി കാണുന്നു. ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽ നം. | തുക |
|---|---|
| 27/08.01.18 | 1,448,964 |
| 56/16.03.18 | 200,148 |
| 57/16.03.18 | 521,248 |
| ആകെ | 2170360 |

28.09.2017 ലെ ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തര യോഗത്തിൽ "ഈ പദ്ധതിക്കായി സാങ്കേതികാനുമതി എടുക്കുമ്പോൾ ഉണ്ടായിരുന്ന പ്ലാനിൽ നിന്നും വ്യത്യസ്തമായി സ്ലാബ് പ്രൊജക്ഷൻ, ഓഫീസ് പെയിന്റിങ്ങ് മറ്റ് ആവശ്യമായ മാറ്റങ്ങൾ വരുത്തിയതിനാൽ എസ്റ്റിമേറ്റ് തുകയിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകി" നമ്പർ 37/1 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രകാരമുള്ള സമഗ്രമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രമിച്ചിട്ടില്ല. ഈ വർഷത്തെ അടങ്കലിൽ മാറ്റം വരാതെ ബഹുവർഷപ്രൊജക്ടായി പ്രൊജക്ട് അംഗീകാരം പുതുക്കി വാങ്ങുന്നതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല. അതിനാൽ 2018-19ലും നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. വർഷങ്ങൾക്കുമുൻപ് സ്ട്രക്ചർമാത്രം പൂർത്തീകരിച്ച ഒന്നാം നിലയിലെ മറ്റ് മുറികളുടെ പൂർത്തീകരണ പ്രവൃത്തികളും ആരംഭിക്കാൻ നാളിതുവരെ സധിച്ചിട്ടില്ല.

ഓഫീസ് കെട്ടിടത്തിന്റെ മുഴുവൻ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി എക്സിറ്റ് മീറ്റിങ്ങിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ₹1,00,000/- പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ₹.10,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിങ്ങനെ വകയിരുത്തി ₹.11,00,000/- വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ട് നം.110/18:പകൽ വീട് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാർ 43/04.03.17 പ്രകാരം ഒപ്പുവെച്ചിട്ടുണ്ടായിരുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷ അംഗീകിരിച്ച് പഞ്ചായത്ത് ഭരണ സമിതി 17.01.2018ലെ 3(1) നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് ഭേദഗതി ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റിൽ വാതിലുകൾ, ജനലുകൾ, പ്ലമ്പിങ്ങ്, ഗ്രിൽ വർക്ക്, പ്ലാസ്റ്ററിങ്ങ് തുടങ്ങിയ ഫിനിഷിങ്ങ് വർക്കുകൾ ഒഴിവാക്കി ₹.1,098,487/- ചെലവഴിച്ച് സ്ട്രക്ച്ചർ മാത്രം പൂർത്തീകരിക്കുകയാണുണ്ടായത്. ഈ നടപടി പദ്ധതി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കി ഉപയോഗപ്പെടുത്തുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. പ്രൊജക്റ്റ് നം.116/18:വൃദ്ധസദനം കെട്ടിട നിർമ്മാണം എന്ന പദ്ധതി 2016-17ൽ ആവിഷ്കരിച്ച് 16/10.01.17 പ്രകാരം കരാർ വെച്ചതായിരുന്നു. 2017-18ൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ₹.560,000/- വകയിരുത്തി സ്പിൽ ഓവർ അംഗീകാരം വാങ്ങിയിട്ടുണ്ട്. പ്ലാസ്റ്ററിങ്ങ്, ഫ്ലോറിങ്ങ്, പ്ലമ്പിങ്ങ്, ഇലക്ട്രിക്കൽ ഇനങ്ങൾ ഉൾപ്പെടുത്താതെ 47.75ച.മീ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രം നിർമ്മിക്കാനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പുതുക്കി 33ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചത്. (അളവ് പുസ്തകം 139/16-17, 147/16-17) ഇതിനായി ബിൽ നം.51/9.3.18 പ്രകാരം ₹.530,687/- ചെലവഴിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിൽ പ്ലമ്പിങ്ങ്, പ്ലാസ്റ്ററിങ്ങ്, പെയിന്റിങ്ങ് ഇവ ഉൾപ്പെടുത്തുകയും Unforeseen ആയി ₹.25,229/- വകയിരുത്തിയിട്ടുമുണ്ട്. ഈ കെട്ടിടം നേരിൽ കണ്ടപ്പോൾ കെട്ടിടം ഉപയോഗപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയിലാണെന്ന് ബോധ്യപ്പെട്ടു. കാണപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

a) പ്രൊജക്റ്റ് നം.116/18:വൃദ്ധസദനം കെട്ടിട നിർമ്മാണം എന്ന പ്രൊജക്റ്റ് പ്രകാരം ഭാഗികമായി നിർമ്മിച്ച അതേ Compundൽ ആണ് ഈ കെട്ടിടവും സ്ഥിതി ചെയ്യുന്നത്.

b) കെട്ടിടത്തിൽ ഫ്ലോറിങ്ങ് പ്രവൃത്തി ചെയ്തിട്ടില്ല.

c) ബാത്ത് റൂമിൽ ക്ലോസെറ്റ് ഫിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഫ്ലോറിങ്ങ് പൂർത്തിയാക്കിയിട്ടില്ല. പ്ലമ്പിങ്ങിനായി ₹.12,380/- ചെലവഴിച്ചെങ്കിലും ജല വിതരണത്തിനായുള്ള പൈപ്പ് സ്ഥാപിച്ചിട്ടില്ല. ക്ലോസെറ്റിൽ നിന്നും സെപ്റ്റിക്ക് ടാങ്കിലേക്കുള്ള പൈപ്പും മുറിച്ചുമാറ്റിയ അവസ്ഥയിലാണ്.

d) കെട്ടിട നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിലും എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇലക്ട്രിക്ക് പ്രവൃത്തികൾ (ഫാനുകളും ലൈറ്റുകളും ഉൾപ്പെടെ) ₹.37,877/- ചെലവഴിച്ച് നിർവ്വഹിച്ചിട്ടുണ്ട്. (അളവ് പുസ്തകം 139/16-17, 147/16-17)

കെട്ടിടം ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ പൂർത്തിയാക്കി ഉപയോഗപ്പെടുത്തി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-7 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം:

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 28ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന സ്ഥാപിക്കുന്നതാണെന്ന്

കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2017-18ൽ പൂർത്തീകരിച്ച ഒരു പ്രവൃത്തിയിലും ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. ഇനി മേലിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവു കൂടി ഉൾപ്പെടുത്തേണ്ടതും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

ചട്ടപ്രകാരം താഴെ പറയുന്ന വിവരങ്ങൾ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. പ്രവൃത്തിയുടെ പേര്:

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള [നം.11(2)/19-01-2019] മറുപടിയിൽ ഇനിമേലിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തി ബോർഡ് സ്ഥാപിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സമ്മതിച്ചിട്ടുണ്ട്.

## 3-8 സേവനമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

ദാരിദ്ര്യലഘൂകരണം, സാമൂഹ്യനീതി, വിദ്യാഭ്യാസം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, ചെറുകിടവ്യവസായം എന്നീ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ അവസ്ഥാ വിശകലന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കാനുദ്ദേശിച്ച സേവനമേഖലയിലെ പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

സേവനമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | രൂപീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 11 | 7600000 | 4500000 | 59 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 3730000 | 2648321 | 71 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 5466206 | 4638278 | 84 |
| ഹെഡ്മാസ്റ്റർ | 4 | 3 | 1408694 | 992231 | 70 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച 13 പ്രോജക്ടുകളിൽ 11 എണ്ണവും പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി 1491250 രൂപയും ഭവനഅറ്റകുറ്റപ്പണികൾ പ്രവർത്തികൾക്കായി 3008750 രൂപയും ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച *വനിതകൾക്ക് വീടിന് സ്ഥലം വാങ്ങൽ* പ്രോജക്ടിനായി ജനറൽ വിഭാഗത്തിലും എസ്.സി. വിഭാഗത്തിലും കൂടി 3100000 രൂപ വകയിരുത്തിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. എന്നാൽ ടി പദ്ധതിയിലെ ഗുണഭോക്താക്കളെ ലൈഫ് മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി വീട്, സ്ഥലം/ഫ്ലാറ്റ് നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുള്ളതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. *( ഓഡിറ്റ് അന്വേഷണം നം 12/ 19-01-19)*

*അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ* എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ദാരിദ്ര്യലഘൂകരണത്തിനും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പൊതുവായ ഉന്നമനത്തിനും കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിട്ട് പരമാവധി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ചെറുകിടവ്യവസായമേഖലയിലും പാരമ്പര്യത്തൊഴിലുകളുടെ സംരക്ഷണത്തിനുമായി പദ്ധതികളൊന്നും രൂപീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹതയനുസരിച്ച് പരമാവധി സ്കോളർഷിപ്പ് തുക നൽകുന്നതിന് ശ്രമിച്ചിട്ടില്ല. ശാരീരികവെല്ലുവിളികൾ നേരിടുന്നവർക്ക് 20000 രൂപയും മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് 28500 രൂപയും പരമാവധി സ്കോളർഷിപ്പായി നൽകാവുന്നതാണ്. പദ്ധതി നിർദ്ദേശപ്രകാരമുള്ള തുക സ്കോളർഷിപ്പായി നൽകുന്നതിന് ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. *( ഓഡിറ്റ് അന്വേഷണം നം -01-19)*

വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായി ജനറൽ വിഭാഗത്തിലും പട്ടികജാതി

വിഭാഗത്തിലുമായി രണ്ടു പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രസിദ്ധീകരിച്ച കരട് ഗുണഭോക്തൃപട്ടിക പ്രകാരം ജനറൽ വിഭാഗത്തിൽ 243 പേരും പട്ടികജാതി വിഭാഗത്തിൽ 72 പേരും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ജനറൽ വിഭാഗത്തിൽ നിന്നും 94 പേർക്കും പട്ടികജാതി വിഭാഗത്തിൽ നിന്നും 62 പേർക്കും കട്ടിൽ നൽകിയിട്ടുണ്ട്. ഏതാനും ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകളിൽ പരിശോധിച്ച കർമ്മ സമിതി അംഗങ്ങളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നല്ലാതെ നിജസ്ഥിതി അന്വേഷണം നടത്തി ആരും റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ വരുമാനത്തിന്റെ അടിസ്ഥാനത്തിലും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും പ്രോജക്ടിൽ നിശ്ചയിച്ചത് പ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട മാർക്ക് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പദ്ധതിക്കായി തയ്യാറാക്കിയ അന്തിമപട്ടികയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല. പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഗുണഭോക്തൃതെരഞ്ഞെടുപ്പിനുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ വ്യക്തമാക്കുന്ന അവസ്ഥാവിശകലനറിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും പശ്ചാത്തലസൗകര്യം പെൺകുട്ടികൾക്കായി വൃത്തിയുള്ള ടോയ് ലെറ്റുകൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. സ്മാർട്ട് ക്ലാസ്സ് റൂം, ലാബോറട്ടറി നിർമ്മാണം വിദ്യാർത്ഥിനീസൗഹൃദടോയ് ലെറ്റുകളുടെ നിർമ്മാണം എന്നിവ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ഉയർന്നു വന്നിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 'ഭൂരഹിതരും ഭവനരഹിതരും ഇല്ലാത്ത ഒരു കേരളം' എന്ന പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

2. നിലവിലുള്ള ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിനും ഭക്ഷ്യവിളകളുടെ ഉല്പാദനം സംഭരണം മൂല്യവർദ്ധിതഉല്പന്നങ്ങളുടെ നിർമ്മാണം വിപണനം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

3. ശാരീരികമാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പദ്ധതി നിർദ്ദേശപ്രകാരമുള്ള പരമാവധി തുക സ്കോളർഷിപ്പ് നൽകുന്നതിനാവശ്യമായ ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തേണ്ടതാണ്.

## **3-9** സാനിറ്ററി നാപ്കിൻ-വെൻഡിംഗ് മെഷീൻ വാങ്ങുന്നതിനായി കൈമാറിയ തുക മറ്റൊരു പ്രോജക്ടിനായി ഉപയോഗിച്ചു

ഹെഡ് മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി പഞ്ചായത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ട് 2 പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. നിർവ്വഹണരേഖകൾ പരിശോധിച്ചതിൽ ഒരു പ്രോജക്ടിനായി വകയിരുത്തി

മുൻകൂർ നൽകിയ തുക മറ്റൊരു പ്രോജക്ടിനു വേണ്ടി ഉപയോഗിച്ചതായി കാണുന്നു. ആദ്യത്തെ പ്രോജക്ട് നടപ്പിലാക്കിയിട്ടുമില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.പ്രോജക്ട് നം 5/18 - ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ

അടങ്കൽ - 400000

ചെലവ് - 200000 ( ബിൽ നം 3/17-18; 20.10.2017)

പി.കെ.എച്ച്.എച്ച്.എസ്.എസ്, മഞ്ഞപ്ര, എം.എം. എച്ച്.എസ് പന്തലാംപാടം, എന്നീ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ പ്രവർത്തനത്തിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. സർക്കാർ ഉത്തരവ് (സാധാ) നം 280/16 തീയതി 25.01.16 ലെ നിർദ്ദേശമനുസരിച്ച് കേരള വനിതാ വികസനകോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് 50% തുക മുൻകൂർ നൽകാവുന്നതാണ്. ആയതനുസരിച്ച് ബിൽ നം 3/17-18; 20.10.2017 പ്രകാരം 200000 രൂപ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ വെൻഡിംഗ് മെഷീൻ നാളിതു വരെ ലഭിച്ചിട്ടില്ല. തുക കൈമാറുന്നതിന് മുമ്പ് വനിതാ വികസന കോർപ്പറേഷന്റെ ബിൽ /പ്രൊഫോർമാ ഇൻവോയ്സ് ലഭ്യമാക്കുകയോ മതിയായ വ്യവസ്ഥകൾ എഴുതിച്ചേർത്ത് കൊണ്ട് കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല.

2) പ്രോജക്ട് നം 141/18 - കല്ലിങ്കൽപ്പാടം H S S ലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം ചെയ്യൽ

അടങ്കൽ - 231294

ചെലവ് - 115000 ( ബിൽ നം.2/17-18; 20.10.2017)

പ്രോജക്ട് പ്രകാരം കല്ലിങ്കൽപ്പാടം H S S ലെ വിദ്യാർത്ഥിനികൾക്ക് ഷീ-പാഡ്, സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ, ഷീ പാഡ് സൂക്ഷിക്കുന്നതിന് അലമാര വാങ്ങൽ, എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രവർത്തിക്കായി ബിൽ നം 2/17-18; 20.10.2017 പ്രകാരം 1,15,000 രൂപ മുൻകൂറായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ബിൽ /പ്രൊഫോർമാ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടില്ല.

രണ്ടു പ്രോജക്ടുകൾക്കുമായി ആകെ 315000 രൂപ വനിതാ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലഭ്യമാക്കിയ KSWDC/PO2/She Pad/LSGD/PLKD/2016-17/344 തീയതി 29.01.18 നം ധനവിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 130316 രൂപയുടെ ഷീ പാഡും 23895 രൂപയുടെ അലമാരയും 70056 ന്റെ ഇൻസിനറേറ്ററും വനിതാ വികസന കോർപ്പറേഷന് നൽകേണ്ട 10 % തുക 22427 രൂപയും കൂടി ആകെ 246694 രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം ആകെ ലഭ്യമായതായി പറയുന്ന 315000 രൂപയിൽ 200000 രൂപ പ്രോജക്ട് നം 5/18 - സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കലിനായി നൽകിയ തുകയാണ്. പ്രോജക്ട്

നം 141/18 നായി ആകെ 115000 രൂപയുടെ പദ്ധതിത്തുക കൈമാറി നൽകിയപ്പോൾ 246694 രൂപയുടെ വിനിയോഗസർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതായി കാണുന്നു. ഈ പദ്ധതിയുടെ അടങ്കൽ തുക 231294 രൂപ മാത്രമാണ്.

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 13/22.01.2019 പ്രകാരം അന്വേഷണം നടത്തിയതിന് മറുപടിയായി 2017-18 സാമ്പത്തികവർഷം മുതൽ കേരള വനിതാ വികസന കോർപ്പറേഷൻ വെൻഡിംഗ് മെഷീൻ വിതരണം നടത്തുന്നില്ല എന്നും ഈ വിവരം അറിയുന്നതിനു മുമ്പ് തന്നെ പ്രോജക്ടിന് ഡി.പി.സി അംഗീകാരം വാങ്ങിയിരുന്നതായും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. തുക ലഭിച്ചത് ഒരു പഞ്ചായത്തിൽ നിന്ന് ആയതിനാലും മൂന്ന് സ്കൂളുകളും ഒരു പഞ്ചായത്തിൽ തന്നെ ആയതിനാലുമാണ് രണ്ട് പ്രോജക്ടുൾക്കായി നൽകിയ തുക ഒന്നായിക്കണ്ട് പ്രവർത്തി നടത്തിയതെന്നും മറുപടിയിൽ പറയുന്നു. വനിതാവികസന കോർപ്പറേഷൻ ലഭ്യമാക്കിയ മാതൃകാ എഗ്രിമെന്റിൽ നിർവ്വഹണോദ്യോഗസ്ഥൻ ഒപ്പിട്ട് കോർപ്പറേഷന് അയച്ചു നൽകിയെങ്കിലും ഇത് കോർപ്പറേഷൻ ഒപ്പിട്ട് തിരിച്ചയച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണഘട്ടത്തിൽ തന്നെ ഓരോ പ്രോജക്ടുകളുടെയും യുക്തി,ക്ഷമത, പ്രായോഗികത, നിയമസാധ്യത, വിജയസാധ്യത ഇവ വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ഉറപ്പു വരുത്തേണ്ടതാണ്. വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പിൽ ഇത്തരത്തിൽ ചർച്ച നടത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ സാനിറ്ററിനാപ്കിനും ഇൻസിനറേറ്ററും വിതരണം ചെയ്യൽ പ്രവർത്തിക്കായി 231294 രൂപയുടെ മാത്രം അടങ്കൽ വച്ച് ഡി.പി.സി അംഗീകാരം വാങ്ങിയതിനുശേഷം 246694 രൂപ ഈ ഇനത്തിൽ ചെലവ് ചെയ്യലും ക്രമപ്രകാരമല്ല. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യവും വയറിംഗ് സജ്ജീകരണങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനായുള്ള പരിശീലനം വനിതാവികസനകോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. സാധനങ്ങളുടെ വിലയോടൊപ്പം സേവനങ്ങൾ ലഭ്യമാക്കിയതിനായുള്ള 10% തുക കൂടി ഉൾപ്പെടെ ആണ് 246694 രൂപ വനിതാവികനകോർപ്പറേഷന് നൽകിയിട്ടുള്ളത്. രണ്ടു സാക്ഷികളുടെ മുമ്പാകെ നിർവ്വഹണോദ്യോഗസ്ഥൻ ഒന്നാം കക്ഷിയായും കോർപ്പറേഷൻ രണ്ടാം കക്ഷിയായും കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിനു പകരം എഗ്രിമെന്റ് പേപ്പർ നിരവ്വഹണോദ്യോഗസ്ഥൻ മാത്രം ഒപ്പിട്ടു അയച്ചു നൽകിയ നടപടിയും അംഗീകരിക്കാവുന്നതല്ല.

പദ്ധതി നടത്തിപ്പിൽ മേൽപ്പറഞ്ഞ അപാകതകൾ ഉണ്ടെങ്കിലും ഓഡിറ്റ് ടീം 25.01.2019 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കല്ലിങ്കൽപ്പാടം ഹയർസെക്കണ്ടറി സ്കൂളിന് നൽകിയ ഇൻസിനറേറ്ററിന്റെ പ്രവർത്തനം നേരിൽ പരിശോധിച്ചു. ഇൻസിനറേറ്റർ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായും ബോധ്യപ്പെട്ടു.
പദ്ധതി നടപടിക്രമങ്ങൾ നിയമാനുസൃതമായിരിക്കുന്നതിനും സാമ്പത്തികഇടപാടുകൾ യുക്തിഭദ്രമായിരിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## **3-10** <u>പദ്ധതി നടപ്പിലാക്കിയിട്ടില്ല</u>

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് വീടിന് സ്ഥലം വാങ്ങൽ പ്രോജക്ടുകൾ രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ (രൂപ) | |
|---|---|---|
| പ്രോജക്ട് നം - 113/18<br>വനിതകൾക്ക്<br>വീടിന് സ്ഥലം വാങ്ങൽ (ജനറൽ) | 13,00,000 | 4,00,000 – വികസനഫണ്ട്<br>2,00,000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>7,00,000 – ജില്ലാ പഞ്ചായത്ത് വിഹിതം |
| പ്രോജക്ട് നം 114/18<br>വനിതകൾക്ക്<br>വീടിന് സ്ഥലം വാങ്ങൽ (എസ്.സി.പി) | 18,00,000 | 4,00,000 – വികസനഫണ്ട്<br>4,00,000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>10,00,000 – ജില്ലാ പഞ്ചായത്ത് വിഹിതം |

പദ്ധതിക്കായി ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5,16,000 രൂപ ഉപയോഗിക്കാതെ തിരിച്ചടക്കേണ്ടി വന്നു. വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ ഉപകാരപ്പെടുന്ന വീട്, സ്ഥലം വാങ്ങൽ എന്നീ പദ്ധതികൾ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല എന്ന നിർദ്ദേശമുള്ളതിനെത്തുടർന്ന് പദ്ധതി ഉപേക്ഷിച്ചതായും എന്നാൽ ടി പദ്ധതിയിലെ ഗുണഭോക്താക്കളെ ലൈഫ് മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി വീട്, സ്ഥലം/ഫ്ലാറ്റ് നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുള്ളതായും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. *(ഓഡിറ്റ് അന്വേഷണം നം.12/ 19-01-19)*

പദ്ധതി ആസൂത്രണം ചെയ്യുകയും ഫണ്ട് വകയിരുത്തുകയും ചെയ്തതിനു ശേഷം നടപ്പിലാക്കാൻ

കഴിയാത്ത സാഹചര്യമുണ്ടാകുന്നത് യുക്തിസഹമല്ല. എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഡി.പി.സി അംഗീകാരം വാങ്ങിയതിനുശേഷം മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ പദ്ധതി ഉപേക്ഷിച്ച എന്നു പറയുന്നതും ക്രമപ്രകാരമല്ല. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തന്നെ പ്രോയോഗികത ഉറപ്പു വരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയുടെ പ്രവർത്തനം

## അവലോകനം

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അഥവാ സാമൂഹ്യവികസനസമിതി ( C.D.S- രജി.നം C A 393/2003) പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ- അഗതി വിഭാഗങ്ങളുടെ ഉന്നമനത്തിനും സ്ത്രീശാക്തീകരണത്തിനും ഉതകുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം

കുടുംബശ്രീയുടെ കീഴിൽ 248 അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അയൽക്കൂട്ടങ്ങൾക്ക് കാർഷികാടിസ്ഥാനത്തിലും അല്ലാതെയുമുള്ള വിവിധ വരുമാനദായക പ്രവർത്തനങ്ങൾക്കായി റിവോൾവിംഗ് ഫണ്ടുകൾ നൽകി വരുന്നു. അഗതികുടുംബങ്ങളെ കണ്ടെത്തി അവർക്കാവശ്യമായ സഹായങ്ങളും വീട് നിർമ്മാണം വീട് റിപ്പയർ പ്രവർത്തികളും അയൽക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുന്നു.

ആശ്രയ പദ്ധതി

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 ഉത്തരവ് അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് തയ്യാറാക്കിയ ആശ്രയ പ്രൊജക്റ്റിന്റെ ഗുണഭോക്താക്കളുടെ വിവരം താഴെ പറയുന്നു.

| ക്രമ നം. | ഇനം | ഒന്നാം ഘട്ടം 2003-06 | | രണ്ടാം ഘട്ടം 2014-17 | |
|---|---|---|---|---|---|
| | | ആവശ്യമുള്ളത് | ലഭ്യമാക്കിയത് | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |
| 1 | വീട് ആവശ്യമുള്ളവർ | 63 | 40 | 19 | 1 |

| | | | | | |
|---|---|---|---|---|---|
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 27 | 20 | 8 | 0 |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 34 | 26 | 24 | 0 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 0 | 0 | 0 | 0 |
| 5 | കക്കൂസ് ആവശ്യമുള്ളവർ | 25 | 0 | 2 | 0 |
| 8 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | 24 | 5 | 0 | 0 |

ആശ്രയ ചലഞ്ച് ഫണ്ടിൽ നിന്നും 2017-18 വർഷം ആകെ 95 ഗുണഭോക്താക്കൾക്ക് പ്രതിമാസം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനായി 372972 രൂപയും ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതി ചാർജ്ജായി 4036 രൂപയും ചെലവഴിച്ചിട്ടുണ്ട്. ആശ്രയ ഭവനം റിപ്പയർ പ്രവർത്തികൾക്കായി വികസനഫണ്ടിൽ നിന്നും 100000 രൂപ സി.ഡി.എസ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഈ തുക 4 ഗുണഭോക്താക്കളുടെ ഭവനം റിപ്പയറിനായി ചെലവഴിച്ചിട്ടുണ്ട്. നിലവിലെ ആശ്രയപദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃതപദ്ധതി എന്ന രീതിയിൽ കുടുംബശ്രീ - അഗതിരഹിതകേരളം പദ്ധതിക്കുള്ള പ്രാരംഭനടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മൂന്നു വർഷങ്ങളിലായി ആകെ 1,48,58,720 രൂപയുടെ ആനുകൂല്യങ്ങൾ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

കുടുംബശ്രീയുടെ ഉടമസ്ഥതയിലുള്ള വിവിധ അക്കൗണ്ടുകൾ

കുടുംബശ്രീയുടെ ഉടസ്ഥതയിൽ താഴെ പറയുന്ന 8 ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക്,<br>അക്കൗണ്ട്നം | ആവശ്യം |
|---|---|
| കോർപ്പറേഷൻ ബാങ്ക്<br>520101058230171 | കുടുംബശ്രീ<br>തനത് ഫണ്ട് |

| | |
|---|---|
| കോർപ്പറേഷൻ ബാങ്ക് 520101058259844 | FFC കൃഷി അനു ബന്ധ ഉപകരണങ്ങൾ നൽകുന്നതിന് |
| കോർപ്പറേഷൻ ബാങ്ക് 520101058212648 | CIF കുടുംബശ്രീകൾക്ക് ലോൺ |
| കോർപ്പറേഷൻ ബാങ്ക് 520101058212777 | സ്നേഹനിധി |
| കോർപ്പറേഷൻ ബാങ്ക് 520101058212778 | ആശ്രയ ഒന്നാംഘട്ടം |
| കോർപ്പറേഷൻ ബാങ്ക് 520101058212779 | ആശ്രയ രണ്ടാംഘട്ടം |
| കോർപ്പറേഷൻ ബാങ്ക് 520101058212780 | റിവോൾവിംഗ് ഫണ്ട് |

മേൽ അക്കൗണ്ടുകളിൽ ആശ്രയ ഒന്നാംഘട്ട അക്കൗണ്ടും സ്നേഹനിധി പദ്ധതിക്കായി രൂപീകരിച്ച അക്കൗണ്ടും നിലവിൽ നിഷ്ക്രിയമാണ്. സ്നേഹനിധി അക്കൗണ്ടിൽ 14733 രൂപയും ആശ്രയ അക്കൗണ്ടിൽ 9241 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. കുടുംബശ്രീ അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 252/2017/ത.സ്വ.ഭ.വ തീയതി 12.12.17 ലെ ഖണ്ഡിക 3.4 പ്രകാരം അഗതിരഹിത കേരളം പദ്ധതിക്കായി ഒരു പുതിയ അക്കൗണ്ട് ആരംഭിക്കേണ്ടതും ആശ്രയ ഒന്നാം ഘട്ട, രണ്ടാം ഘട്ട അക്കൗണ്ടുകളിൽ നിലവിൽ അവശേഷിക്കുന്ന തുക ഈ അക്കൗണ്ടിന്റെ പ്രാരംഭബാക്കിയായി കണക്കിലെടുക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അവശത അനുഭവിക്കുന്ന കുടുംബശ്രീ അംഗങ്ങളെ സഹായിക്കുന്നതിനായി സ.ഉ.ജി.ഒ (പി)

നം 198/14 തീയതി 13.11.14 ലെ നിർദ്ദേശപ്രകാരമാണ് സ്നേഹനിധി രൂപീകരിച്ചിരിക്കുന്നത്. കുടുംബശ്രീ അംഗങ്ങളായ 18 വയസ്സ് മുതൽ 60വയസ്സ് വരെ പ്രായമുള്ളവരും വിവിധ കാരണങ്ങൾ കൊണ്ട് പ്രയാസമനുഭവിക്കുന്നവരും മാറാരോഗികൾ മറ്റു രീതിയിൽ പാർശ്വവത്കരിക്കപ്പെട്ട് അവശത അനുഭവിക്കുന്നവർ തുടങ്ങിയ കുടുംബശ്രീ പ്രവർത്തകരെയാണ് സ്നേഹനിധിയിലൂടെ സഹായിക്കുന്നത്. എല്ലാ കുടുംബശ്രീ അംഗങ്ങളിൽ നിന്നും ഒരു ചെറിയ തുക സമാഹരിച്ചും പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയും ചേർത്താണ് നിധി രൂപീകരിച്ചിരിക്കുന്നത്.

സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിച്ച സ്നേഹനിധി പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് ശ്രമിക്കേണ്ടതാണ്.

## 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

ഓരോ ഗ്രാമീണകുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവപരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈട്ടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ വാർഡുകളിൽ തോട്ടുചാൽ സംരക്ഷണം, ജലസേചനക്കനാലുകൾ ഉപയുക്തമാക്കൽ, കുളം പുനരുദ്ധാരണം, തുടങ്ങിയ പ്രവർത്തനങ്ങളും കൂടാതെ നിരവധി ഐ.എ.വൈ.ഭവനങ്ങളുടെ നിർമ്മാണവും തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ആകെ 2435 മനുഷ്യദിനങ്ങൾ ഉപയോഗപ്പെടുത്തി മൂന്ന് ഗാർഹിക കിണറുകളുടെ നിർമ്മാണവും 3 കുളങ്ങളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷം ഭരണച്ചെലവുകൾക്കായി 1011002 രൂപയും കൂലി ഇനത്തിൽ 14019832 രൂപയും വരവുണ്ട്. ഇതിൽ 15029873 രൂപയും ചെലവഴിച്ചിട്ടുണ്ട്.

പൊതുസ്ഥലങ്ങളിൽ മരം വച്ചു പിടിപ്പിക്കലും വനവത്കരണവും പ്രവർത്തികൾക്കായി ആകെ 34 മനുഷ്യദിനങ്ങൾ ഉപയോഗിക്കുന്നതിനുമാത്രമാണ് കഴിഞ്ഞിട്ടുള്ളത്. വനഭൂമി, പാഴ്ഭൂമി, പൊതുസ്ഥലം, നദികൾ കായലുകൾ എന്നിവയുടെ ഓരങ്ങൾ വരമ്പുകൾ റോഡ് വശങ്ങൾ എന്നിവിടങ്ങളിൽ വനവത്കരണം മരം നടീൽ, ഹോൾട്ടികൾച്ചർ എന്നിവ നടത്താവുന്നതാണ്. ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കുമ്പോൾ തന്നെ ഇത്തരത്തിലുള്ള പ്രവർത്തികൾ ഉൾപ്പെടുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ഗായത്രീ നദീതട പദ്ധതി | 2013-14 | 13939 | 0 | 13939 | 0 | 13939 (*) |
| | നെൽകൃഷിക്ക് ഉഴവുകൂലി | 2017-18 | 3 | 680000 | 680003 | 680000 | 3 |
| | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2017-18 | 0 | 70000 | 70000 | 70000 | 0 |
| | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 2017-18 | 0 | 20000 | 20000 | 20000 | 0 |
| | ആകെ | | 13942 | 770000 | 770000 | 770000 | 13942 |
| ബ്ലോക്ക് പഞ്ചായത്ത് | അനുപൂരക പോഷകാഹാര പദ്ധതി | 2017-18 | 0 | 228950 | 228950 | 226816 | 2134 |
| | യോഗപരിശീലനം | 2017-18 | 0 | 100000 | 100000 | 74800 | 25200 |
| | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2017-18 | 0 | 50000 | 50000 | 48600 | 1400 |
| | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം | 2017-18 | 0 | 44309 | 44309 | 44309 | 0 |
| | നെൽകൃഷിക്ക് ഉഴവുകൂലി | 2017-18 | 0 | 1000000 | 1000000 | 1000000 | 0 |
| | വീട്ടുവളപ്പിൽ ജൈവകൃഷി | 2017-18 | 0 | 200000 | 200000 | 200000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 2017-18 | 0 | 15000 | 15000 | 15000 | 0 |
| | പകൽവീട് നിർമ്മാണം | 2017-18 | 0 | 1000000 | 1000000 | 1000000 | 0 |
| | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2017-18 | 0 | 175000 | 175000 | 175000 | 0 |
| | വനിതകൾക്ക് വീട് വാങ്ങൽ | 2017-18 | 0 | 160000 | 160000 | 160000 (refund) | 0 |
| | വനിതകൾക്ക് വീട് വാങ്ങൽ ( എസ്.സി ) | 2017-18 | 0 | 400000 | 400000 | 400000 (refund) | 0 |
| ആകെ | | | 0 | 3373259 | 3373259 | 3344525 | 28734 |

(*) 2013-14 ൽ ഗായത്രീനദീതടപദ്ധതിക്കായി ലഭ്യമായതും നാളിതു വരെ ഉപയോഗിക്കാതെ അവശേഷിക്കുന്നതുമായ 13939 രൂപ ജില്ലാപഞ്ചായത്തിലേക്ക് തിരികെ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക പൂർണ്ണമായും ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 152/18 പറയംപറ്റ പടിഞ്ഞാറെ ക്കുളമ്പ് ഇലക്ട്രിസ്റ്റ് | 21/ 08.01.18 | 35000 | 35000 | 0 |

| | | | | | |
|---|---|---|---|---|---|
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഈ ഇനത്തിൽ ചെലവില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | ജി.ഒ.(എസ്.എ) 532/2010/ എൽ.എസ്.ജി.ഡി 18.02. | 8035000 | 1765554 | 900000 | - | 865554 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 53702 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| കത്ത് നം. കെ.എസ്.എ/ പി കെ.ഡി 5 ക്യാമ്പ് 7/16-17 പ്രകാരം നടത്തിയ പ്രത്യേക | | 30532 | ശ്രീ. അബ്ദുൾ ഹക്കീം .എം.എസ്,ക്ലർക്ക് | 117040100530/ 16.05.17 |

| | | | | |
|---|---|---|---|---|
| സേവന പുസ്തക പരിശോധനാ ക്യാമ്പ് പ്രകാരം ഈടാക്കിയത് | | | | |
| 2013-14, 2014-15 | 2-11 | 1000 | കെ.എം.വിജയൻ , ചല്ലിപ്പറമ്പിൽ , ശ്രീറാം ക്രഷേഴ്സ് | 117040100598/ 25.05.17 |
| 2016-17 | 2-3 (സി) | 3000 | ഗായത്രി ഫ്യുവൽസ് , മംഗലം പാലം തൊഴിൽ നികുതി ജീവനക്കാർ, ഒന്നാം പകുതി | 117040102513/ 23.10.2017 |
| 2016-17 | 2-3 (സി) | 3000 | ഗായത്രി ഫ്യുവൽസ് , മംഗലം പാലം തൊഴിൽ നികുതി ജീവനക്കാർ, രണ്ടാം പകുതി | 117040102514/ 23.10.2017 |
| 2016-17 | 2-3 (സി) | 2760 | മാനേജിംഗ് ഡയറക്ടർ ഹൈനെസ്സ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, മാങ്ങോട് തൊഴിൽ നികുതി ജീവനക്കാർ | 117040103914/ 29.11.2017 |
| 2016-17 | 2-3 (സി) | 4320 | ആഷിഷ് റബ്ബർ പ്രോഡക്റ്റ്സ്, പന്തലാംപാടം തൊഴിൽ നികുതി ജീവനക്കാർ | 117120100209/ 26.02.2018 |

| | | | | |
|---|---|---|---|---|
| 2016-17 | 2-3 (സി) | 2400 | കെ.വി.എം ഹോളോബ്രിക്സ്, വാരുകുന്ന് തൊഴിൽ നികുതി ജീവനക്കാർ | 117120100625/ 14.3.2018 |
| 2016-17 | 2-3 (സി) | 3120 | പ്രൊപ്രൈറ്റർ യുണൈറ്റഡ് ഗ്രാനൈറ്റ്സ് , തൊഴിൽ നികുതി ജീവനക്കാർ | 117120100710/ 17.03.2018 |
| 2016-17 | 2-3 (എ) | 1200 | എഴുത്തശ്ശൻ ടെയിനിംഗ് കോളേജ്, മഞ്ഞപ്ര, തൊഴിൽ നികുതി ജീവനക്കാർ | 117120100928/ 22.03.2018 |
| 2016-17 | 2-3 (സി) | 2400 | ഐശ്വര്യ സാ മിൽ കണ്ണമ്പ്ര. തൊഴിൽ നികുതി ജീവനക്കാർ | 117120101155/ 31.03.2018 |
| ആകെ | | 53732 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2013-14,14-15 | | 2016-17 | 9.3.2- പൊതുവായ പരാമർശം | പൊതുടാപ്പുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് | സമിതി പരിഗണിച്ചിട്ടില്ല. |
| | | | 2.4,2.6- പൊതുവായ പരാമർശം | തൊഴിൽ നികുതി | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ വരവില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2006-07 | 3-1, 3-2, 3-3 | ശ്രീ.വേലു. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് | എൽ. എഫ്. 29950/ സ്പെ. സെൽ/ സി. എസ്.സി | 81806 | | | | | | | തുക അടവാക്കിയിട്ടില്ല |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | തീയതി 10.02.15 | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 87632459 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81643643 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10984 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.2(1) | 10984 | - | എ.മുരളീധരൻ, സെക്രട്ടറി |
| ആകെ | 10984 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.മുരളീധരൻ, സെക്രട്ടറി | കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | അഞ്ജനം, പുഴയ്ക്കൽ, കണ്ണാടി-678701 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | ഈ കാര്യലയത്തിൽ വച്ച് 11.06.2018 ന് നടന്ന ഓഡിറ്റ് അദാലത്ത് പ്രകാരം തീർപ്പാക്കാതെ അവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ കത്ത് നം.കെ.എസ്.എ-പി.കെ.ഡി 10/1262/18 തീയതി 8.10.18 | 3 |
| 1997-98 | | 4 |
| 1998-99 | | 2 |
| 1999-2000 (പദ്ധതി ഒഴികെ) | | 3 |
| 1999-2000 (പദ്ധതി),2000-01, 2001-02 | | 4 |
| 2002-03 | | 1 |
| 2003-04 | | 4 |
| 2004-05 | | 0 |
| 2005-06 | | 2 |
| 2006-07 | | 3 |

| | | |
|---|---|---|
| 2009-10& 2010-11 | നം കെ.എസ്.എ. പി.കെ.ഡി 10/1198/16 തീയതി 26.05.17 | 2 |
| 2011-12 | നം കെ.എസ്.എ. പി.കെ.ഡി 10/259/16 തീയതി 12.02.2016 | 1 |
| 2013-14 & 2014-15 | നം കെ.എസ്.എ. പി.കെ.ഡി 10/1447/16 തീയതി 10.8.2016 | 5 |
| 2015-16 | നം കെ.എസ്.എ. പി.കെ.ഡി 10/231/17 തീയതി 28.01.17 | 1 |
| 2016-17 | നം കെ.എസ്.എ. പി.കെ.ഡി 10/1520/17 തീയതി 23.08.17 | 1 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)നം.1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

2. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress ആയി രേഖപ്പെടുത്തുകയും പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ആസ്തികളിലേയ്ക്ക് വരവ് വയ്ക്കുന്നതിനായി കണക്കാക്കുന്നതിന് സ്ഥാപനം വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. സ്റ്റോക്ക് വാല്യൂ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

6. AFS (RP-43) പ്രകാരം ട്രേയ്ഡേഴ് തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ 3740 രൂപ വരവുണ്ട്. അരിയർ ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

7. വസ്തു നികുതി : വാർഷിക കണക്കും സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2

## ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് & റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kannambra Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 0 l -A pril -2017 to 3 l -March -2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat *I* Municipal Fund | B-1 | 14525342.86 |
| 312000000 | Reserves | B-3 | 50804797 .00 |
| | Total Reserve & Surplus | | 65330139.86 |
| | Grants, Contributions for Specific Purposes | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6638093.00 |
| | Total Grants, Contributions for Specific Purposes | | 6638093.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 865554.00 |
| | Total Loans | | 865554.00 |
| | Current Lia bilities & Provisions | | |
| 340000000 | Depo it Received | B-7 | 581445 .00 |
| 350000000 | Other Liabiliti e | B-9 | 758352 .14 |
| | Total Current Liabilities and Provisions | | 1339797.14 |
| | TOTAL LIABILITIES | | 74173584.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-1 1 | 53154597.00 |
| 41 1000000 | Accumu l ated Depreciation | B- 1 1 | - 1237929 .00 |
| 412000000 | Capital Work i n Progress | B-1 l (a) | 1661945.00 |
| | Total Fixed Assets | | 53578613.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 13064785.00 |
| 440000000 | Pre-paid Expenses | B-16 | 865554.00 |
| 450000000 | Cash and Bank Balance | B-17 | 5988816.00 |
| 460000000 | Loand , Advances and Deposits | B-18 | 675816 .00 |
| | Total Current Assets, Loans and Advances | | 20594971.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 74173584.00 |

Kannambra Grama Panchayat

INCOME & EXPENDITURE STATEMENT
for the period from O l-April-2017 to 31-March-20 18

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I- I | 4236491.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat *I* Municipal Properties | I-3 | 142693.00 |
| 140000000 | Fee & User Charges | J-4(b) | 443396.00 |
| 150000000 | Sale & Hire Charges | l-5(b) | 155612.00 |
| 160000000 | Revenue Grants, Funds, Contributions & Compensations *I*<br><br>Subsidies | I-6 | 105830632.00 |
| 171000000 | Interest Earned | 1-8 | 86914.00 |
| 180000000 | Other Income | 1-9 | 65771.00 |
| | Total Income | | 110961509.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-1O(b) | 9375906.00 |
| 220000000 | Administrative Expenses | I- 11 (b) | 824799.00 |
| 230000000 | Operation s & Maintenance | I-12(b) | 4598828.00 |
| 240000000 | Interest & Finance Charges | 1-13 | 3824.00 |
| 250000000 | Decentralised Plan Programme-Producti ve Sector *I*<br><br>Programme Expenses | 1-14 | 12210732.00 |
| 251000000 | Decentralised Plan Programme-Service Sector | l- l 4(a) | 24882976.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3853765.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 350512.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | l-14(d) | 49123427.00 |
| 255000000 | Maintenance Projects | l-14(e) | 5162666.00 |
| 260000000 | Grants, ConLributions & Compensation from Own Fund *I*<br><br>Subsidies | 1-15 | 2500.00 |
| | Total Expenditure | | 110389935.00 |
| | Gr Surplus/ Deficit of income over Expenditure | | 571574.00 |
| 280000000 | Prior Period Item | 1-18 | -11976.00 |
| | Gr Surplus/Deficit of Income over Expenditure after prior period items. | | 583550.00 |
| 290000000 | Transfer to Reserve Funds | I-I 8(a) | 0.0 |

Kannambra Grama Panchayat

RECEIPT & PAYMENT STATEMENT

for the period from Ol-April-2017 to 31-March-20 18

| Code.No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20319011.00 |
| Cash | Cash | RP-40(a) | 34517.00 |
| | Operating | | |
| 110000000 | Tax Revenue | RP-I | 1655965.00 |
| 130000000 | Rental income from Panchayat Properties | RP-3 | 6500.00 |
| 140000000 | Fees & User Charges | RP-4 | 295000.00 |
| 150000000 | Sale & Hire Charges | RP-5 | 155612.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52377270.00 |
| 171000000 | Interest Earned | RP-9 | 86914.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 788032 1.00 |
| 350000000 | Other Liabilities | RP-36 | 331848.00 |
| | Non Operating | | |
| 180000000 | Other Income | RP- l0 | 65771.00 |
| 340000000 | Deposits Received | RP-34 | 47 1207.00 |
| 350000000 | Other Liabilities | RP-36 | 179771.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3264360.00 |
| 460000000 | Loans, Advances and Deposits | RP-47 | 508392.00 |
| | | Grand total | 87632459.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-I I | 3068830.00 |
| 220000000 | Administrative Expenses | RP-12 | 826588.00 |
| 230000000 | Operations & Maintenance | RP- 13 | 4078780.00 |
| 250000000 | Decentralised Plan Programme-Productive Sector | RP- 15 | 8843736.00 |
| 251000000 | Decentralised Plan Programme-Service Sector | RP- 16 | 14232600.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3853765.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 141512.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 2021627.00 |
| 255000000 | Maintenance Projects | RP-20 | 5 162666.00 |
| 260000000 | Grants, Contributi ons and Compensations from Own Fund | RP-22 | 2500.00 |
| 280000000 | Prior Period item | RP-26 | - 1450.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 561250.00 |
| 350000000 | Other Liabilities | RP-36 | 5118655.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3824.00 |
| 280000000 | Prior Period Item | RP-26 | -5780.00 |
| 330000000 | Secured Loans | RP-32 | 900000.00 |
| 340000000 | Deposits Received | RP-34 | 146740.00 |
| 350000000 | Other Liabilities | RP-36 | 1959490.00 |
| 410000000 | Fixed Assets | RP-38 | 7023566.00 |
| 412000000 | Capital work in Progress | RP-40 | 9585718.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1292 1613.00 |
| 460000000 | Loans, Advances and Deposits | RP-47 | 1 197413.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 5929 185.00 |
| Cash | Cash | RP-40(b) | 59631.00 |
| | | Grand Total | 87632459.00 |